2024-25 സാമ്പത്തിക വർഷത്തിൽ കുടിവെള്ളം-ശുചിത്വം മേഖലയിൽ 1/- രൂപയുടെ 9 പദ്ധതികളും (സംയുക്ത പദ്ധതികൾഉൾപ്പടെ) കേന്ദ്രാവിഷ്കൃത ഫണ്ടുപയോഗിച്ചുള്ള (എസ്.ബി.എം. ഫണ്ട്) 20 ലക്ഷം രൂപയുടെ ഒരു പദ്ധതിയും ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2 കുളങ്ങളുടെ പുനരുദ്ധാരണം 5 കിണറുകളുടെ നിർമ്മാണം, 14 കമ്പോസ്റ്റ് പിറ്റ്, 65 സോക്ക്പിറ്റ് എന്നീ പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്. കുടിവെള്ളം ശുചിത്വം മേഖലയിൽ 5439000/- രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം അവസാനത്തോടെ പ്രസ്തുത പദ്ധതിയിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2 കുളങ്ങളും നിർമ്മിച്ചിട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകളിൽ 14 കമ്പോസ്റ്റ് പിറ്റ്, 65 സോക്ക്പിറ്റ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

## 4. ദാരിദ്ര്യ ലഘൂകരണം

ഭവനരഹിതരായ ജനങ്ങൾക്ക് വാസയോഗ്യമായ ഭവനം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ 2024-25 സാമ്പത്തിക വർഷത്തിൽ ജനറൽ വിഭാഗത്തിൽ 10 ലക്ഷം രൂപയും 4 ലക്ഷം രൂപ പട്ടികജാതി വിഭാഗത്തിലും വകയിരുത്തി ലൈഫ് പി.എം.എ.വൈ. ഭവന പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 229336 തൊഴിൽ ദിനങ്ങളും 12,40,38,000/- രൂപ കൂലിയും നൽകിയിട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2 ഫാം ഫോഡ്സുകൾ, 5 ആട്ടിൻകൂടുകൾ, 5 തൊഴുത്ത്, 11 കോഴികൂടുകൾ എന്നിവ നിർമ്മിച്ച് നൽകിയിട്ടുണ്ട്.

## 5. വനിത വികസനം

വനിത വികസന പദ്ധതിയിൽ പ്രാദേശിക സാമ്പത്തിക വികസനത്തിനായി 4871767/- രൂപയുടെ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. കൂടാതെ വനിതാ സംരംഭകർക്കായുള്ള പദ്ധതികൾക്ക് 932000/- രൂപ വകയിരുത്തിയിട്ടുണ്ട്. വനിത ഫിറ്റ്നെസ് സെന്റർ വിപുലീകരണം, വൈദ്യതീകരണം എന്നീ പദ്ധതികൾക്കായി ആകെ 7 ലക്ഷം രൂപ 2024-25 വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

## 6. സാമൂഹ്യനീതി

2024-25 വാർഷിക പദ്ധതിയിൽ സാമൂഹ്യ നീതി കൈവരിക്കുന്നതിലേക്കായി 3449000/- രൂപ വകയിരുത്തി പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. ശാരീരിക മാനസിക

വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 2557500/- രൂപയുടെ പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ വരുന്ന ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് ഫിസിയോതെറാപ്പി സെന്റർ നൈപുണ്യ പരിശീലനകേന്ദ്ര ത്തിന്റെ നിർമ്മാണത്തിന് ജില്ലാപഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ഏറ്റെടുത്ത 3510000/- രൂപയുടെ പദ്ധതി പൂർത്തീകരിച്ചു.

## 7. പട്ടികജാതി വികസനം

പട്ടികജാതി വികസനത്തിനായി 15823000/- രുപ വകയിരുത്തി പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നൽകുന്നതിലേക്ക് 3660000/- രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം അവസാനത്തോടെ പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## 8. വിദ്യാഭ്യാസം, കല, സംസ്കാരം

ഈ മേഖലയിൽ 973500/- രൂപയുടെ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. വജ്രജൂബിലി ഫെല്ലോഷിപ്പിന് 202500/- രൂപ വകയിരുത്തിയിട്ടുണ്ട്.

## 9. പശ്ചാത്തല മേഖല.

പശ്ചാത്തല മേഖലയുടെ വികസനത്തിനായി ജനറൽ വിഭാഗത്തിൽ 5378202/- രൂപ വകയിരുത്തി 14 പദ്ധതികളും പട്ടികജാതി വിഭാഗത്തിൽ 5197792/- രൂപ വകയിരുത്തി 8 പദ്ധതികളും ഏറ്റെടുത്ത് നടപ്പാക്കി വരുന്നു. പശ്ചാത്തല മേഖലയിലുള്ള സംയുക്ത പ്രൊജക്ടുകൾക്ക് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം കൈമാറിയിട്ടുണ്ട്. (ജനറൽ 3136983/- എസ്.സി.പി. 53 ലക്ഷം.)

## 10. പൊതുഭരണം

ബ്ലോക്ക് പഞ്ചായത്തിലും വിട്ടുകിട്ടിയ സ്ഥാപനങ്ങളിലും കമ്പ്യൂട്ടറൈസേഷൻ, ഇന്റർനെറ്റ് ലഭ്യത ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടുണ്ട്. ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കും ഊന്നൽ നൽകിയിട്ടുണ്ട്. ISO Certification കിട്ടിയ ബ്ലോക്ക് പഞ്ചായത്തിൽ ഉന്നത നിലവാരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിന് മതിയായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട്.

അദ്ധ്യായം 3

# പ്രശ്നവിശകലനവും പ്രശ്നപരിഹാര സാധ്യതകളും

## 1. കൃഷി

ബ്ലോക്ക് പഞ്ചായത്തിലെ ജനങ്ങൾ, പ്രധാനമായും കാർഷിക മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. വളരെ വ്യാപകമായി നെൽകൃഷി ചെയ്ത് അതൊടൊപ്പം കേരകൃഷിയും നടത്തിവരുന്നു. അടയ്ക്ക, വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, എന്നിവയും കുറഞ്ഞ അളവിൽ കൃഷിചെയ്യുന്നുണ്ട്. കാർഷിക ഉല്പന്നങ്ങളുടെ വിലകുറവും ഉയർന്ന ഉല്പാദന ചെലവ്, ഉല്പന്നങ്ങളുടെ സംഭരണ സൗകര്യങ്ങൾ വിപണനവുമായി ബന്ധപ്പെട്ട സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങളാണ്. 13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ വളരെയധികം പദ്ധതികൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ടെങ്കിലും കാർഷിക മേഖല ഇപ്പോഴും ഗുരുതരമായ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. കൃഷിക്കാവശ്യമായ ജലസേചന സൗകര്യങ്ങൾ ഒരുക്കുകയെന്നതാണ് ഈ മേഖലയിൽ സ്വീകരിക്കേണ്ട വികസനതന്ത്രം. കനാലുകളിൽ ശുദ്ധജലം ലഭ്യമാക്കി ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുന്നതോടെ കൃഷിക്ക് ആവശ്യമായ വെള്ളം - ലഭ്യമാക്കുന്നതിനും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും സാധിക്കും. കാർഷിക മേഖല നേരിടുന്ന മുഖ്യമായ പ്രശ്നങ്ങളാണ് ഉല്പന്നങ്ങളുടെ വിപണനത്തിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തത. ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ പാടശേഖരങ്ങൾ ഉള്ള ബ്ലോക്ക് പഞ്ചായത്തെന്ന നിലയ്ക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ നെല്ല് സംഭരണം, സംസ്കരണം, മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ ബ്രാൻറിൽ വിപണനം എന്നിവയ്ക്ക് പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുക, കൂടുതൽ ഫാം റോഡുകളും, ബണ്ടുകളും നിർമ്മിക്കുക, നിലവിലുള്ള പാടശേഖരങ്ങളിലെ യന്ത്രോപകരണങ്ങൾ സമയോചിതമായി റിപ്പയർ ചെയ്യുക, പുതിയ മോട്ടോറുകൾ നൽകുക, കടച്ചാലുകൾ നിർമ്മിക്കുക, പാടശേഖരത്തിലെ ബണ്ടുകളിൽ തെങ്ങിൻ തൈകൾ വെച്ചു പിടിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പദ്ധതികൾ നടപ്പിലാക്കുവാൻ 14-ാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നു.

## 2. ക്ഷീരവികസനം മൃഗസംരക്ഷണം

ബ്ലോക്ക് പരിധിയിലെ ക്ഷീരകർഷകർക്ക് പ്രാദേശിക വിപണി മാത്രമേ ലഭ്യമാകുന്നുള്ളൂ. കാലിത്തീറ്റയുടെ വില അടിക്കടി വർദ്ധിച്ചു വരുന്നതും ക്ഷീര

സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും, വിദഗ്ദ തൊഴിലാളികളുടെ ദൗർലഭ്യവും, തീറ്റപുൽ കൃഷിയുടെ അപര്യപ്തതയും പ്രതിരോധനടപടികളെ കുറിച്ച് കർഷകരുടെ അറിവില്ലായ്മയും ക്ഷീര കർഷകർ നേരിടുന്ന മുഖ്യപ്രശ്നങ്ങളാണ്.

ക്ഷീര കർഷക മേഖലയെ സംരക്ഷിക്കുന്നതിലേക്കായി കൂടുതൽ പ്രോത്സാഹന ങ്ങളും, ധനസഹായവും ബോധവൽക്കരണ ക്യാമ്പുകളും സംഘടിപ്പിക്കേണ്ടതാണ്.

കൂടുതൽ ക്ഷീരസംഘങ്ങൾ രൂപീകരിക്കുക, ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വ്യവസായിക അടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി സംരംഭങ്ങൾ ആരംഭിക്കുക. എന്നി ങ്ങനെയുള്ള നടപടികൾ ക്ഷീരമേഖലയ്ക്ക് ആശ്വാസം പകരുവാൻ കഴിയുന്നവയാണ്. ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കന്നുകുട്ടി പരിപാലനം, കുളമ്പുരോഗം പ്രതീരോധ കുത്തിവെയ്പ്, തീറ്റപ്പൂൽ കൃഷി തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പി ക്കൽ, ക്ഷീരകർഷകർക്ക് നൽകിവരുന്ന സബ്സിഡി തുക വർദ്ധിപ്പിക്കൽ, ആട് പ്രജനന യൂണിറ്റ് സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികൾ പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഏറ്റെടുക്കുവാൻ ലക്ഷ്യമിടുന്ന പദ്ധതി മൃഗസംരക്ഷണത്തിന്റെ ഭാഗമായി വെറ്ററിനറി പോളിക്ലിനിക്കിൽ ഹോസ്പിറ്റൽ ഡോക്ടർമാരുടെ സ്ഥിരം സേവനം ഉറപ്പാക്കുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഫണ്ട് വകയിരു ത്താവുന്നതാണ്.

## 3. ആരോഗ്യം

ബ്ലോക്ക് പരിധിയിൽ ആലപ്പാട് കുടുംബാരോഗ്യകേന്ദ്രം പ്രവർത്തിച്ചുവരുന്നു. വിവിധ പഞ്ചവത്സര പദ്ധതികളിലായി നിരവധി വികസന പ്രവർത്തനങ്ങൾ നടത്തുവാൻ ബ്ലോക്ക് പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. എങ്കിലും കാലാനുസൃതമായി പുതിയ വികസന തന്ത്രങ്ങൾ ഈ രംഗത്ത് ആവശ്യമുണ്ട്. ജീവിതശൈലി രോഗങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തിട്ടുണ്ട്. ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രത്തിൽ രാത്രികാല സേവനങ്ങൾക്ക് ഡോക്ടറുടേയും നേഴ്സ്മാരുടേയും സേവനം ലഭ്യമാക്കുന്നതിനായി തുക വകയിരുത്തുകയും ചെയ്തി ട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ കുടുംബാരോഗ്യകേന്ദ്രത്തിന്റെ ആവശ്യ ങ്ങൾ നിറവേറ്റുന്നതിന് അനുയോജ്യമായ പദ്ധതികൾ ഏറ്റെടുത്ത് നടത്തിവരുന്നു.

## 4. ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം)

ദാരിദ്ര്യം എന്നാൽ ആവശ്യഘടകങ്ങളായ ഭക്ഷണം, പാർപ്പിടം, കുടിവെള്ളം ശുചിത്വ സൗകര്യം തൊഴിൽ എന്നിവയുടെ ഇല്ലായ്മയാണ്. ദാരിദ്യം ലഘൂകരിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടു കൊണ്ടാണ് സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കുവാൻ ഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുന്നത്.

14-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ ദാരിദ്ര്യനിർമാർജ്ജനത്തിനായി പി. എം. എ. വൈ. എന്നീ ഭവന നിർമ്മാണ പദ്ധതികളും കുടിവെള്ള പദ്ധതികളും നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. ശുചിത്വ മിഷന്റെ ഭാഗമായി എല്ലാവീടുകളിലും ശൗചാലയം എന്ന ലക്ഷ്യം മുന്നിൽ കൊണ്ട് ഒ ഡി എഫ് പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് അതിർത്തിയിലെ വീടുകളിൽ കിണർ റീ ചാർജ്ജിംഗ് നടത്തിയും ബി പി എൽ കുടുംബങ്ങൾക്ക് പുതിയ കിണർ നിർമ്മിച്ച് നൽകിയും കുടിവെള്ള ക്ഷാമം പരിഹരിക്കാവുന്നതാണ്.

ബ്ലോക്ക് പരിധിയിലുള്ള അതി ദരിദ്രർക്ക്, അനുയോജ്യമായ മൈക്രോ പ്ലാൻ തയ്യാറാക്കി അതി ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിനും പതിനാലാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നു

## 5. കുടിവെള്ളം, ശുചിത്വം

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും തീരദേശ മായതിനാൽ നിലവിലുള്ള ജലാശയങ്ങളിൽ ഉപ്പുവെള്ളം നിറയുന്നതുമൂലം കുടിവെള്ള ത്തിനോ കൃഷി ആവശ്യങ്ങൾക്കോ ഉപയോഗിക്കുവാൻ സാധിക്കുന്നില്ല. മഴവെള്ള സംഭരണികൾ സ്ഥാപിച്ചും, മഴക്കുഴി, കുളം, പുതിയ കിണറുകൾ എന്നിവ നിർമ്മിച്ചും പരമ്പരാഗത ജലസത്രോസ്സുകൾ പൊതുകുളങ്ങൾ എന്നിവ നിർമ്മിച്ചും ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. ശുദ്ധജല വിതരണം ലഭ്യമാക്കുന്നതിനായി ബ്ലോക്ക് പരിധിയിലെ എല്ലാ പൊതുസ്ഥാപനങ്ങളിലും വാട്ടർ കിയോസ്ക്കുകൾ സ്ഥാപിക്കാവുന്നതാണ്.

## 6. പട്ടികജാതി വികസനം

പട്ടികജാതി വിഭാഗം ജനങ്ങൾ അനുഭവിക്കുന്ന മുഖ്യ പ്രശ്നങ്ങൾ, തൊഴിലില്ലായ്മ, കുടിവെള്ളത്തിന്റെ അപര്യാപ്തത, താമസയോഗ്യമായ ഭവനമില്ലായ്മ, കോളനിയിലെ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലായ്മ, സാമ്പത്തിക പിന്നോക്കാവസ്ഥ എന്നിവയാണ്. മുൻ പഞ്ചവത്സര പദ്ധതികളിലെ വിവിധ പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത വിഭാഗത്തിന്റെ ജീവിതനിലവാരം തൃപ്തികരമായ അവസ്ഥയിലേക്ക് ഉയർത്തുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ പതിനാലാം പഞ്ചവത്സരപദ്ധതിയിൽ താഴെപറയുന്ന പദ്ധതികൾക്ക് മുൻഗണന നൽകുന്നു

1. ബ്ലോക്ക് പരിധിയിലുള്ള പ്രളയബാധിത പ്രദേശങ്ങളിലെ തകർന്നുപോയ പട്ടികജാതി വിഭാഗക്കാരുടെ ഭവനങ്ങൾ കണ്ടെത്തി അറ്റകുറ്റപ്പണി നടത്തുക

2. ഭൂമി വാങ്ങുന്നതിന് ധനസഹായം '5' ലക്ഷമായി ഉയർത്തുക
3. ഭവന നിർമ്മാണ സഹായം '4' ലക്ഷത്തിൽ നിന്നും '6 ലക്ഷമാക്കി ഉയർത്തുക.
4. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി യുവജനങ്ങൾക്ക് പരിശീലനം നൽകി ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.
5. പട്ടികജാതി കോളനികളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക.
6. വിവാഹധനസഹായം, ചികിത്സാ ധനസഹായം തുക വർദ്ധിപ്പിക്കുക.

## 7. വനിത വികസനം

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ സ്ത്രീ സുരക്ഷ, സ്ത്രീ ശാക്തീകരണം, ആരോഗ്യം, തൊഴിൽ ലഭ്യത, സാമ്പത്തികഭദ്രത തുടങ്ങിയ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതികൾ നടപ്പിലാക്കിയിരുന്നത്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വനിത വികസനവുമായി ബന്ധപ്പെട്ട് താഴെപറയുന്ന പദ്ധതികൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു.

1. ബ്ലോക്ക് പരിധിയിലുള്ള എല്ലാ കുടുംബശ്രീകളേയും ഉൾപ്പെടുത്തി പഞ്ചായത്ത് തലത്തിൽ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുക.
2. വനിത ഗ്രൂപ്പുകൾ സജ്ജമാക്കി നഴ്സറികൾ (പച്ചക്കറി തൈ), ഗ്രോ ബാഗ് ഫില്ലിംഗ്, നോട്ട് ബുക്ക് ബൈൻഡിങ്, മാസ്ക് - സാനിറ്ററി പാഡ് നിർമ്മാണ യൂണിറ്റ്, പച്ചതേങ്ങ സംസ്കരണ യൂണിറ്റ് തുടങ്ങിയ മേഖലകളിലെ പരിശീലനവും സംരംഭങ്ങളും തുടങ്ങുക.
3. സ്ത്രീകൾക്ക് മാത്രമായി ഒരു ഷെൽട്ടർ ഹോം നിർമ്മിക്കുക, ടോയ്‌ലറ്റ് സൗകര്യം ഏർപ്പെടുത്തുക.
4. ചെമ്മാപ്പിള്ളി കയർ സംഘത്തിലെ വേയ്സ്റ്റ് ഉപയോഗിച്ച് ഉപ ഉല്പന്നം നിർമ്മിക്കുക.

## 8. പ്രാദേശിക സാമ്പത്തിക വികസനം

ബ്ലോക്ക് പരിധിയിൽ വ്യാവസായിക ആവശ്യങ്ങൾക്ക് സ്ഥലം ലഭ്യത കുറവ് വിവിധതരം ലൈസൻസുകൾ തരപ്പെടുത്തുവാനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ, ബാങ്ക് ലോൺ ലഭിക്കുന്നതിനുള്ള കാലതാമസം, സംരംഭകത്വം - നൈപുണ്യത്തിന്റെ അഭാവം എന്നിവ പുതിയ സംരംഭങ്ങൾ തുടങ്ങുവാനും വിജയിപ്പിച്ചെടുക്കുവാനും തടസ്സമായി നിലനിൽക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബ്ലോക്ക് വ്യവസായ ഓഫീസ് മുഖേനലഭ്യമാക്കുന്നവിവിധ ഹാൻഡ് ഹോൾഡിംഗ് സർവ്വീസ് വഴി കഴിഞ്ഞ ഒരു

വർഷത്തിൽ 6000-ൽ പരം ചെറുകിട വ്യാവസായിക സംരംഭങ്ങൾ ആരംഭിക്കുന്ന തിനുള്ള പ്രവർത്തനങ്ങൾ തുടങ്ങുവാൻ കഴിഞ്ഞിട്ടുണ്ട്.

14-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ലഭ്യമാകുന്ന പ്രാദേശിക കാർഷികവിഭവങ്ങളും അസംസ്കൃത വസ്തുക്കളും നാളികേരം, നെല്ല്, പാള മുതലായവ നൂതന സാങ്കേതിക വിദ്യയിലൂടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ആക്കി മാറ്റുന്നതിനും അതിലൂടെ സ്വയം തൊഴിൽ സംരംഭകരെ പ്രോത്സാഹിപ്പി ക്കുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ പരമ്പരാഗത കൈതൊഴിലുകളായ ഈറ്റ, മുള, വൈക്കോൽ ഉല്പന്നങ്ങൾ, തഴപായ, കയർ നിർമ്മാണം എന്നിവ പ്രോത്സാഹിപ്പിക്കുക, ബ്ലോക്ക് പരിധിയിലെ ‘5' ഗ്രാമപഞ്ചായത്തുകളിലെ ചെറുകിട കുടുംബശ്രീ യൂണിറ്റുകൾക്ക് ധനസഹായം നൽക്കുക എന്നിവയും ലക്ഷ്യമിടുന്നു.

## 9. പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ)

ബ്ലോക്ക് പഞ്ചായത്തിന്റെ വികസനത്തിൽ പശ്ചാത്തല മേഖലയുടെ പങ്ക് വളരെ പ്രധാനമാണ്. കാർഷിക വ്യാവസായിക സേവനമേഖലകളുടെ വികസന ത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഉൾനാടൻ പ്രദേശങ്ങളിൽ ജനങ്ങൾ വീട് വെച്ച് താമസം ആരംഭിച്ചതോടെ ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന തിന്റെ ഭാഗമായി കൂടുതൽ റോഡുകൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത വർദ്ധിച്ചിട്ടുണ്ട്. അശാസ്ത്രീയ രീതിയിലുള്ള മണ്ണെടുപ്പ്, നിലങ്ങളുടെ നികത്തൽ എന്നിവ മൂലം റോഡുകൾ വെള്ളക്കെട്ടിലാവുകയും റോഡിന്റെ സൈഡ് തകർന്നു പോകുകയും ചെയ്തിട്ടുണ്ട്. ഇത് വലിയ റോഡപകടങ്ങൾക്ക് കാരണമാകുന്നു. കൂടാതെ ആഗോള താപനത്തിന്റെ ഭാഗമായി അസമയത്തുള്ള അധിവർഷം, ന്യൂനമർദ്ദം എന്നീ കാലാവസ്ഥാ വ്യതിയാനങ്ങളും പശ്ചാത്തല മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. വെള്ളപ്പൊക്കവും, മണ്ണൊലിപ്പും, റോഡു കളുടേയും കാനകളുടേയും കലുങ്കുകളുടേയും തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്. പലയിടങ്ങളിലും വെള്ളക്കെട്ടുകൾ സാധാരണമായിരിക്കുകയാണ്.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വെള്ളക്കെട്ടുകൾ ഒഴിവാക്കുന്നതിനായി പുതിയ കാനകൾ നിർമ്മിക്കുന്നതിനും. തകർന്നടിഞ്ഞ റോഡുകളും. കൾവെർട്ടുകളും പുനരുദ്ധരിക്കുന്നതിനും പദ്ധതികൾ ഏറ്റെടുക്കുവാൻ ലക്ഷ്യമിടുന്നു. കൂടാതെ വെള്ളക്കെട്ടുകൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ കോൺക്രീറ്റ് ഇന്റർലോക്ക് കട്ടകൾ വിരിക്കുന്നതിനും ഫണ്ട് വകയിരുത്താവുന്നതാണ്. ശുദ്ധജലം ലഭ്യമാക്കുന്നതിന്റെ ഭാഗമായി താൽക്കാലിക പുളിക്കെട്ടുകൾക്ക് പകരമായി സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. വിട്ടുകിട്ടിയ സ്ഥാപനങ്ങൾ, അംങ്കണവാടികൾ,

വൃദ്ധസദനം തുടങ്ങിയവയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നിവ 14-ാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

## 10. വിദ്യാഭ്യാസം, കല-സംസ്കാരം-യുവജനക്ഷേമം

ത്രിതല പഞ്ചായത്ത് വ്യവസ്ഥയിൽ മറ്റ് രണ്ട് സംവിധാനങ്ങളിൽ നിന്നും വ്യത്യസ്ഥമായി ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരപരിധിയിൽ സ്കൂളുകളോ കോളേജുകളോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഇല്ല. ആയതുകൊണ്ട് ഈ മേഖലയുടെ വികസനത്തിന് ബ്ലോക്ക് പഞ്ചായത്തിന് കാര്യമായ പങ്ക് വഹിക്കുവാൻ സാധിക്കുന്നില്ല.

കലാസാംസ്കാരിക രംഗത്ത് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തുള്ള കുട്ടികൾ ക്കും, യുവജനങ്ങൾക്കും ചിത്രകല, പെയിന്റിംഗ്, നൃത്തം, സംഗീതം എന്നിവയിൽ പരിശീലനം നൽക്കുന്നുണ്ട്. വജ്ര ജൂബിലി കലോത്സവത്തിന് തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ വർഷാവർഷം കേരളോത്സവം നാടത്തിവരുന്നു.

കലാസാംസ്കാരിക മേഖലകളിലെ അർഹരായവരെ കണ്ടെത്തി പ്രസ്തുത കലാരൂപങ്ങളെ പുനരുജ്ജീവിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുന്നതിനുവേണ്ടി യുവജനങ്ങളുടെ കലാകായിക വികസനത്തിനായി ബ്ലോക്ക് തലത്തിൽ എല്ലാ വർഷവും കേരളോത്സവം നടത്തിവരുന്നു.

സ്മാർട്ട് ഫോണുകളുടെയും മറ്റു മാധ്യമങ്ങളുടേയും അതിപ്രസരം മൂലം പുതിയ തലമുറയിൽ അന്യം നിന്നു പോയ ഒന്നാണ് വായനാശീലം. കുട്ടികളിലും യുവജനങ്ങളിലും വായനാശീലം വളർത്തിയെടുക്കുന്നതിന് വായനശാലകളെ പുനരുദ്ധരിക്കേണ്ടത് വളരെ അത്യാവശ്യമാണ്. കുട്ടികളെ ഈ രംഗത്തേക്ക് ആകർഷിക്കുന്ന രീതിയിലുള്ള കലാ-സാഹിത്യ മത്സരങ്ങൾ, സംഘടിപ്പിക്കേണ്ടതിനാവശ്യമായ സൗകര്യങ്ങളും ധനസഹായം നൽകുക, വായനശാലകളിലേക്ക് ബാലസാഹിത്യ കൃതികളും, മറ്റു ശാസ്ത്ര-സാഹിത്യ പുസ്തകങ്ങളും വാങ്ങി നൽകുക, അഫിലിയേഷൻ ഉള്ള വായനശാലകൾക്ക് കെട്ടിടങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുക, വിജ്ഞാനോത്സവം, കേരളോത്സവം നടത്തുക, രജിസ്ട്രേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം. സാക്ഷരതാ പ്രേരക്മാരുടെ സബ്സെന്ററുകളിൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തൽ തുടങ്ങിയ പദ്ധതികൾക്ക് മുൻഗണന നൽകുവാൻ പതിനാലാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നു.

എസ്.സി. പഠിതാക്കൾക്ക് പഠനമുറി നിർമ്മാണത്തിനായി 2 ലക്ഷം രൂപ വീതം നൽകിവരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ 10 കുട്ടികൾക്കായി 2000000/- രൂപ വകയിരുത്തിയിട്ടുള്ളതാണ്.

## 11. പൊതുഭരണം

ത്രിതല പഞ്ചായത്ത് വ്യവസ്ഥയിൽ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അപേക്ഷിച്ച് ബ്ലോക്ക് പഞ്ചായത്തിന് വരുമാനവും അധികാരവും വളരെ കുറവാണ്. എങ്കിലും ലഭ്യമാകുന്ന ഫണ്ടും അധികാര ങ്ങളും ഉപയോഗപ്പെടുത്തി സദ്ഭരണം കാഴ്ചവെക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യമിടുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ വിജയകരമായി നിറവേറ്റുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ മുഖ്യമായ പങ്കുവഹിക്കുന്നുണ്ട്. ബ്ലോക്ക്

പഞ്ചായത്ത് സംവിധാനത്തിലെ നട്ടെല്ലായ വിട്ടുകിട്ടിയ സ്ഥാപനങ്ങൾ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വിവിധ ഇടങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. ബ്ലോക്ക് പഞ്ചായത്ത് സംവിധാനം ഒരു കുട കീഴിൽ കൊണ്ടുവരുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലായെന്നത് ബ്ലോക്ക് പഞ്ചായത്ത് നേരിടുന്ന മുഖ്യ വെല്ലുവിളിയാണ്. ഇതിനോടൊപ്പം തന്നെ പൊതു പരിപാടികൾ സംഘടിപ്പിക്കുന്നതിന് സൗകര്യപ്രദമായ കമ്മ്യൂണിറ്റി ഹാൾ ഇല്ലായെന്നതും ബ്ലോക്ക് ഓഫീസിന്റെ അധീനതയിലുള്ള കാർഷിക ഉപകരണ ങ്ങൾ സൂക്ഷിക്കുന്നതിനാവശ്യമായ ഷെഡ്ഡിന്റെ അഭാവം, വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഇല്ലായെന്നതും ബ്ലോക്ക് പഞ്ചായത്ത് നേരിടുന്ന മറ്റു പ്രശ്നങ്ങളാണ്. ഈ സാഹചര്യം കണക്കിലെടുത്ത് പതിനാലാം പഞ്ചവത്സര പദ്ധതി യിൽ താഴെ പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാനുള്ള പദ്ധതികൾ ഏറ്റെടുക്കുവാൻ ലക്ഷ്യമിടുന്നു.

1. ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം
2. വനിത വ്യവസായ പരിശീലന കേന്ദ്രം
3. ഗ്രീൻ ആർമി പുന:സംഘടിപ്പിക്കണം
4. കാർഷിക ഉപകരണങ്ങൾ സൂക്ഷിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ഷെൽട്ടർ നിർമ്മാണം. ഉപകരണങ്ങളുടെ ചുമതല ഉദ്യോഗസ്ഥനെ ഏൽപ്പിക്കണം.
5. ബ്ലോക്ക് പഞ്ചായത്തുകളുടെ സംവിധാനം ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിനായി പൊതുമരാമത്ത് ആർക്കിടെക്റ്റിനെ കൊണ്ടു വന്ന് പൊളിക്കുവാൻ പറ്റിയ കെട്ടിട ങ്ങൾ തീരുമാനിച്ച് വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി നല്ല പ്ലാൻ ഉണ്ടാക്കി കെട്ടിടം നിർമ്മിക്കണം.
6. മാലിന്യസംസ്കരണ പ്ലാന്റ് ബ്ലോക്ക് അടിസ്ഥാനത്തിൽ ആരംഭിക്കണം.
7. വിട്ടുകിട്ടിയ സ്ഥാപനങ്ങളെ ജനസൗഹൃദ സ്ഥാപനങ്ങളാക്കി മാറ്റണം.
8. ഡയപ്പർ ഡിസ്ട്രോയർ യൂണിറ്റ് സ്ഥാപിക്കൽ

## 12. സാമൂഹ്യ നീതി

വയോജനങ്ങൾ, ശിശുക്കൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ എന്നീ വിഭാഗത്തിൽ ഉൾപ്പെടുന്നവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിലൂടെ മാത്രമേ സാമൂഹ്യ നീതി കൈവരിക്കുവാൻ സാധിക്കുകയുള്ളൂ. വനിതകളും, ശിശുക്കളും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരും പലയിടങ്ങളിലും ചൂഷണങ്ങൾക്കും, പീഡനങ്ങൾക്കും വിധേയമായിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ് നാം കാണുന്നത്. ഇതിനുപുറമേ ഹൈസ്കൂൾ, കോളേജ് തലത്തിലുള്ള വിദ്യാർത്ഥികൾ മയക്കു മരുന്നിന് അടിമപ്പെട്ടുകൊണ്ടിരിക്കുകയാണ്. കൂടാതെ മാനസികവും ശാരീരികവുമായ വളർച്ചക്ക് സ്മാർട്ട് ക്ലാസ് റൂമുകൾ ആക്കി മാറ്റേണ്ടതും വളരെ അത്യാവശ്യമാണ്.

ആയതിന്റെ ഭാഗമായി പതിനാലാം പഞ്ചവത്സരപദ്ധതിയിൽ മയക്കുമരുന്നിന് അടിമ പ്പെട്ട കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസുകളും കൗൺസിലിംഗ് നടത്തുന്നതിനു പദ്ധതികൾ ഏറ്റെടു ക്കാവുന്നതാണ്. ബഡ്സ് സ്കൂളിലെ കുട്ടികൾക്കും അമ്മമാർക്കും അവരുടെ കഴിവുകൾ അനുസ രിച്ച് തൊഴിൽ പരിശീലനം നൽകുക, അതിനൊടൊപ്പം ബഡ്സ് സ്കൂൾ, അങ്കണവാടികൾഎന്നിവിടങ്ങളിൽ ടി. വി., എ. സി. എന്നിവ സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു.

# 13. ജൈവ വൈവിധ്യം, കാലവസ്ഥാവ്യതിയാനം, ദുരന്ത നിവാരണം

ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കൊണ്ടും സവിശേഷമായ കാലാവസ്ഥ കൊണ്ടും ജനസാന്ദ്രത കൊണ്ടും പ്രത്യേകതകൾ ഏറെയുള്ള ദൈവത്തിന്റെ സ്വന്തം നാടായ നമ്മുടെ സംസ്ഥാനം ഇതേ കാരണങ്ങൾ കൊണ്ടുതന്നെ ദുരിതങ്ങളുടെ കാര്യത്തിൽ ഒരു ബഹുവിധ അപകട മേഖലയായി നിലകൊള്ളുന്നു. തീരപ്രദേശ ങ്ങളിൽ കടലാക്രമണത്തിനും ചുഴലിക്കാറ്റിനും, സുനാമിയ്ക്കും സാദ്ധ്യതയുണ്ട്. മല യോരമേഖലകളിൽ ഉരുൾപൊട്ടൽ സാദ്ധ്യതയും കൂടുതലാണ്. സമതല പ്രദേശങ്ങളിൽ വെള്ളപ്പൊക്ക ഭീഷണി നിലനിൽക്കുന്നു.

പ്രകൃതിജന്യമായ ദുരന്തങ്ങളും മനുഷ്യപ്രേരിതമായുണ്ടാകുന്ന ദുരന്തങ്ങളും വേണ്ടത്ര മുൻകരുതലുകൾ കൈകൊണ്ടാൽ, ഒരുപരിധിവരെ അപകട സാദ്ധ്യതയും ആഘാതവും കുറയ്ക്കാവുന്നതാണ്. സുസ്ഥിര പ്രകൃതി സൗഹൃദ ആസൂത്രണവും ജീവിത രീതിയും വഴി ദുരന്തങ്ങളെ ശരിയായി മനസ്സിലാക്കുന്ന ഒരു ജനസമൂഹത്തെ സൃഷ്ടിക്കുന്നതിനും ദുരന്തത്തിൽപെട്ടവരെ പൂർവ്വസ്ഥിതിയിലേക്ക് എത്തിക്കുന്നതിനു മായി ഒരു ദുരന്ത നിവാരണസേന രൂപീകരിക്കുന്നതിനും, ദുരന്തമേഖലകളിൽ ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്ന തിനുമായി പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. താഴെ പറയുന്ന പദ്ധതികൾ പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ആവഷ്കരിക്കുന്നതി നായി ലക്ഷ്യമിടുന്നു.

1. പരമ്പരാഗത തോടുകളും നീർച്ചാലുകളും പുനരുജ്ജീവിപ്പിക്കുക. ജല ആഗമന നിർഗ്മന പാതകൾ തടസ്സപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് വൃത്തിയാക്കി പൂർവ്വസ്ഥിതി യിലാക്കുക.
2. മഴവെള്ളം ഒഴുകാതെ ഭൂമിയിലേക്ക് താഴുന്നതിനു വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഭൂവുടമകളെ ബോധവൽക്കരിക്കുക (മഴക്കുഴി)
3. ജൈവവൈവിധ്യം നിലനിർത്തുന്നതിന് കണ്ടൽക്കാടുകൾ വെച്ച് പിടിപ്പിക്കുന്നതിനു വേണ്ട പദ്ധതികൾ ആവിഷ്കരിക്കുക.
4. കാവ് സംരക്ഷണം - ജൈവവൈവിധ്യത്തിന്റെ ഭാഗമായി പലതരത്തിലുള്ള വൃക്ഷലതാദികൾ വെച്ച്പിടിപ്പിച്ച് ചെറുകാടുകളാക്കി മാറ്റുക.
5. മിയാവാക്കി വനം - ഓരോ ഗ്രാമപഞ്ചായത്തിലും ഒന്നുവീതം നിർമ്മിക്കുക.
6. ജൈവവൈവിധ്യ ഉദ്യാനങ്ങൾ നിർമ്മിക്കുക.
7. ദുരന്ത നിവാരണത്തിന്റെ ഭാഗമായി നീന്തൽ പരിശീലനത്തിനായുള്ള പദ്ധതികൾ ആവിഷ്കരിക്കുക. മതിൽക്കെട്ടുകുളം, അന്തിക്കാട് കുളം, കരുവാങ്കുളം എന്നിവ ഇതിനായി ഉപയോഗിക്കാം.

# അദ്ധ്യായം 4

# വികസന കാഴ്ചപ്പാട്

| 1<br>**കൃഷി** | **ലക്ഷ്യം** | **തന്ത്രം** |
|---|---|---|
| ഹരിത കേരള മിഷന്റെ ജൈവ കൃഷി, മണ്ണ് സംരക്ഷണം എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നു. ഉല്പാദന ക്ഷമത വിള വിസ്തൃതി വർദ്ധിപ്പിക്കൽ, ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തൽ | കാർഷിക മേഖലയിലേക്ക് കുടുതൽ ജനങ്ങളെ ആകർഷിക്കുക. കൃഷി ലാഭകരമാക്കുക. വിത്ത്, വളം, കൂലി ചിലവ് ധന സഹായമായി നൽകുക. | ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള തരിശുഭൂമികൾ ഉപയുക്തമാക്കുക. ഒരു പൂവ്വ് നിലങ്ങൾ ഇരുപ്പൂവ്വയാക്കുക. പദ്ധതിയിൽ ഉൾപ്പെടുത്തി തരിശ് ഭൂമി കൃഷിക്ക് അനുയോജ്യമാക്കുക.<br>തോടുകൾ, കനാലുകൾ വൃത്തിയാക്കി നീരൊഴുക്ക് വർദ്ധിപ്പിക്കുക. കുളങ്ങളും കിണറുകളും നിർമ്മിക്കുക. ലേബർ ബാങ്ക് രൂപീകരിച്ച പരിശീലനം നൽകിയ തൊഴിലാളികളെ ഉപയോഗപ്പെടുത്തുക |
| 2<br>**ക്ഷീരവികസനം മൃഗസംരക്ഷണം** | **ലക്ഷ്യം** | **തന്ത്രം** |
| പാൽ ഉല്പാദനം, മൃഗസമ്പത്ത് വർദ്ധിപ്പിക്കുക. ഹൈടെക് തൊഴുത്ത്, നൂതന പശു പരിപാലനം | മൃഗസംരക്ഷണ മേഖലയി ൽ കൂടുതൽ കർഷകർക്ക് പ്രോത്സാഹനം നൽകുക. പാൽ ഉല്പാദനം ലാഭകരമാക്കുക. കൂടുതൽ ക്ഷീരസംഘങ്ങൾ രൂപീകരണം. | പാൽ സംഭരിക്കുന്നതിനും, വിപണനം നടത്തുന്നതിനും കൂടു തൽ ക്ഷീരസംഘങ്ങൾ രൂപീകരിക്കുന്നതിന് ധനസഹായം നൽകൽ, വനിത ഗ്രൂപ്പുകൾ വഴി തീറ്റപുൽ കൃഷി ചെയ്യുക, ചാണകം ഉണക്കി പൊടിച്ച് പാക്കറ്റുകളാക്കി വിൽക്കുക. മറ്റു മൂല്യവർദ്ധന പാൽ ഉല്പന്ന ങ്ങൾ നിർമ്മിച്ച് വിൽക്കുക. ക്ഷീരകർഷകർക്ക് പരിശീ ലനം ബോധവൽക്കരണം നൽകുക. ആട്, കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുക. സുഭിക്ഷ കേരളം പദ്ധതിയിലൂടെ ജനറൽ വിഭാഗത്തിന് 50% സബ്സിഡിയും വിഭാഗത്തിന് SC 75% സബ്സിഡിയും നൽകി കൊണ്ട് പശു യൂണിറ്റു കൾ സ്ഥാപിക്കുക. പശുക്കൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽക്കുക. |

| 3<br>**ആരോഗ്യം**<br><br>ആർദ്രം മിഷന്റെ പരിപാടികളിലൂടെ മാനസിക ശാരീരിക ആരോഗ്യമുള്ള സമൂഹം കെട്ടിപ്പെടുക്കുക. | **ലക്ഷ്യം**<br>സി. എച്ച്. സി. കളുടെ സഹായത്തോടെ വായു-ജല കൊതുകുജന്യ രോഗങ്ങൾ കുറയ്ക്കുക. പൊതുജനങ്ങളെ പൊതു ആരോഗ്യ കേന്ദ്രങ്ങളിലേക്ക് എത്തിക്കുക. | **തന്ത്രം**<br>സി. എച്ച്. സി. കളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. വൃദ്ധർക്കും ശിശുകൾക്കും വേണ്ടി പ്രത്യേകം സൗകര്യങ്ങൾ ഏർപ്പെടുത്തുക. ആലപ്പാട് സി. എച്ച്. സി. യിൽ സ്കാനർ ലാബ്, ഓട്ടോ അൻലൈസർ സ്ഥാപിക്കുക.<br>വൃദ്ധർക്കു വേണ്ടി റാംപ് റെയിൽ, നേത്രപരിശോധന ക്യാമ്പ്, കണ്ണട വിതരണം, പാലിയേറ്റീവ് പരിചരണം, ഗൈനകോളജി, ഫിസിയോതെറാപ്പി, കാർഡിയോളജി, യൂറോളജി വിഭാഗങ്ങൾ പ്രാവർത്തിക മാക്കുക. രോഗനിർണ്ണയ ക്യാമ്പുകൾ, ഡിമെൻഷ്യ ക്ലിനിക്കുകൾ സംഘടിപ്പിക്കുക |
|---|---|---|
| 4<br>**<u>കുടിവെള്ളം, ശുചിത്വം</u>**<br><br>കുടിവെള്ളം ഉറപ്പാക്കുക.<br>സാംക്രമിക രോഗങ്ങളെ ലഘൂകരിക്കുക. ജൈവ-ഖര മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണം, സമ്പൂർണ്ണ ശുചിത്വം കൈ വരിക്കൽ. | **ലക്ഷ്യം**<br>ശുചിത്വ ബോധവൽക്കരണം-മാലിന്യങ്ങളെ സംസ്കരിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കൽ. ഖര-ദ്രവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുക. അജൈവ മാലിന്യങ്ങളുടെ സംസ്കരണത്തിന്റെ ഭാഗമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും എം. സി. എഫ് സ്ഥാപിക്കുക, ബ്ലോക്ക് തലത്തിൽ ആർ. ആർ. എഫ്. സ്ഥാപിക്കുക. | **തന്ത്രം**<br>MGNREGS ഉൾപ്പെടുത്തി കമ്പോസ്റ്റ് പിറ്റ് നിർമ്മിച്ച് ജൈവമാലിന്യങ്ങളെ സംസ്കരിച്ച് ജൈവവളങ്ങളാക്കി കൃഷിക്ക് ഉപയുക്തമാക്കുക<br>മഴവെള്ള സംഭരണികൾ നിർമ്മിച്ച് കിണർ റീചാർജ്ജിംഗ് മഴക്കുഴികൾ, കുളങ്ങൾ തുറന്ന കിണർ നിർമ്മിക്കുക, ശൗചാലയം നിർമ്മിച്ചു നൽകുക.<br>MGNRES വഴി വീടുകളിൽ ദ്രവ മാലിന്യ സംസ്ക്കരണത്തിനായി സോക്ക് പിറ്റുകൾ നിർമ്മിച്ച് നൽക്കുക. |

| 5<br>**ദാരിദ്ര്യ ലഘൂകരണം** | **ലക്ഷ്യം** | **തന്ത്രം** |
|---|---|---|
| സമ്പൂർണ്ണ പാർപ്പിട പദ്ധതിക്ക് (ലൈഫ്) ലക്ഷ്യം കൈവരിക്കൽ. പി. എം. എ. വൈ., ലൈഫ്, ബി. പി. എൽ. കുടുംബങ്ങൾക്ക് MGNREGS - ൽ ഉൾപ്പെടുത്തി തൊഴുത്ത്, ആട്ടിൻ കൂട്, കോഴി കൂട് തുടങ്ങിയ ജീവിതോപാധികൾ നൽകുക. | വയോജനങ്ങൾ, കുട്ടികൾ ഭിന്നശേഷിക്കാർ, ട്രാൻസ് ജെന്റർ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതർ എന്നിവരുടെ ക്ഷേമം സാമൂഹിക പരിരക്ഷ ഉറപ്പു വരു ത്തുക | ബ്ലോക്ക് തലത്തിൽ പകൽ വീടുകൾ, വയോജന ക്ലബ്ബുകൾ സ്ഥാപിക്കുക, പൊതു സ്ഥാപനങ്ങൾ വയോജന സൗഹൃദമായിരിക്കണം(റാംപ് റെയിൽ ടോയ്‌ലറ്റ് എന്നിവയുടെ നിർമ്മാണം). അങ്കണവാടികൾ സ്വന്തം സ്ഥലം കെട്ടിടം തൊഴിൽ മേഖലയിൽ സംവരണം, പരിശീലനം സാമ്പത്തിക സഹായം. ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കായി മൊബൈൽ ഫിസിയോതെറപ്പി യൂണിറ്റ്. ബ്ലോക്ക്തലത്തിൽ സ്ഥാപിക്കുക. ഉപകരണ ആവശ്യകത നിർണ്ണയ ക്യാമ്പ് അനുയോജ്യയമായ് തൊഴിൽ പരിശീലനം. |
| 6<br>**സാമൂഹ്യക നീതി**<br><br>ശിശുക്കൾ, വൃദ്ധർ, ഭിന്ന ലിംഗക്കാർ വിവാഹമോചിതർ, എന്നിവർക്ക് സമഗ്രവികസനം ബാലസൗഹൃദ വിദ്യാഭ്യാസം, ശിശു-വയോജന സൗഹൃദ സമൂഹം | **ലക്ഷ്യം**<br>വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെന്റർ ,50 വയസ്സ് കഴിഞ്ഞ അവിവാഹിതർ എന്നിവരുടെ ക്ഷേമം സാമൂഹിക പരിരക്ഷ ഉറപ്പുവരുത്തുക. | **തന്ത്രം**<br>ബ്ലോക്ക് തലത്തിൽ പകൽ വീടുകൾ, വയോജന ക്ലബ്ബുകൾ സ്ഥാപിക്കുക, പൊതു സ്ഥാപനങ്ങൾ വയോജന സൗഹൃദമായിരിക്കണം(റാംപ് റെയിൽ ടോയ്‌ലറ്റ് എന്നിവയുടെ നിർമ്മാണം). അങ്കണവാടികൾ സ്വന്തം സ്ഥലം കെട്ടിടം തൊഴിൽ മേഖലയിൽ സംവരണം, പരിശീലനം സാമ്പത്തിക സഹായം. ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കായി മൊബൈൽ ഫിസിയോതെറപ്പി യൂണിറ്റ്. ബ്ലോക്ക്തലത്തിൽ സ്ഥാപിക്കുക. ഉപകരണ ആവശ്യകത നിർണ്ണയ ക്യാമ്പ് അനുയോജ്യയമായ് തൊഴിൽ പരിശീലനം. ശ്രവണ സഹായി വാങ്ങുന്നതിന് ധന സഹായം. |

| | | |
|---|---|---|
| **7**<br>**പട്ടികജാതി വികസനം**<br>പട്ടികജാതി വിഭാഗക്കാരുടെ സമഗ്ര വികസനം, തൊഴിൽ കുടിവെള്ളം,കോളനികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക, പഠന സൗകര്യം മെച്ചപ്പെടുത്തുക. | **ലക്ഷ്യം**<br>പട്ടികജാതി വിഭാഗങ്ങൾക്കായി പിന്നോക്കാവസ്ഥ ഇല്ലാതാക്കി മുഖ്യധാര ജനവിഭാഗത്തിനൊപ്പം എത്തിക്കുക. | **തന്ത്രം**<br>ബ്ലോക്ക് പരിധിയിലുള്ള പട്ടി കജാതി അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക. തീരദേശ വാർഡുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുക. വിദ്യാഭ്യാസത്തിനായി പഠന മുറി, വിദേശത്ത് തൊഴിൽ തേടുന്നവർക്ക് ധനസഹായം. |
| **8**<br>**വനിത വികസനം**<br>സ്ത്രീശാക്തീകരണം,സ്വയം രക്ഷ, സ്വയം പ്രതിരോധം, സ്ത്രീ സൗഹൃദ തൊഴിലിടങ്ങൾ. വനിതാ ഫിറ്റ്നെസ് സെന്റർ തുടങ്ങുക. | **ലക്ഷ്യം**<br>വനിതക്ഷേമം ഉറപ്പുവരുത്തുക. വനിതപ്രാതിനി ധ്യം ഭിന്നശേഷിക്കാർ, അവിവാഹിതരായ അമ്മമാർ , വിധവകൾ എന്നിവരുടെ ക്ഷേമം ഉറപ്പുവരുത്തുക. വനിതകളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരു ത്തു ക. | **തന്ത്രം**<br>അനുയോജ്യമായ മേഖലയിൽ തൊഴിൽ പരിശീലനം പീഡനങ്ങൾക്കും, അക്രമങ്ങൾക്കും ഇരയാക്കുന്നവർക്കും സ്നേഹിത പദ്ധതി, നിർഭയ സെല്ലുകൾ ശക്തിപ്പേടുത്തുക. സ്ത്രീ സൗഹൃദ തൊഴിലിടങ്ങൾ സാധ്യമാക്കുക. |
| **9**<br>**പ്രാദേശിക സാമ്പത്തിക വികസനം**<br>വ്യവസായിക എസ്റ്റേറ്റ് സ്ഥാപിക്കൽ, ചെറുകിട സൂക്ഷ്മ സംരംഭങ്ങൾ പ്രോത്സാഹിക്കുക. വനിതകളുടെ സ്വയം സഹായസംഘങ്ങൾക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാൻ ബാങ്ക് വായ്പ, സബ്സിഡി എന്നിവ നൽകുക. | **ലക്ഷ്യം**<br>സംരംഭകത്വ നൈപുണ്യ വികസനം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുക. സ്വയം തൊഴിൽ സംരംഭകരെ പ്രോത്സാഹിപ്പിക്കുക. ഇതിനായി തളുക്കുളം ബ്ലോക്ക് ഓഫീസ് കേന്ദ്രീ കരിച്ച് തൊഴിൽ പരീശില നം, ഉല്പന്നങ്ങളുടെ ശേഖര ണവുംവിപണനവും ലക്ഷ്യ മാക്കി കെട്ടിടം നിർമ്മിക്കുക | **തന്ത്രം**<br>ഗ്രൂപ്പുകൾക്ക് സംരംഭകത്വ നൈ പുണ്യ വികസനബോധവൽക്കരണം പരിശീലനം പ്രാദേശിക തലത്തിൽ ലഭ്യമാകുന്ന കാർഷികോല്പന്നങ്ങൾ ഉപയോഗപ്പെടുന്ന മൂല്യ വർദ്ധിത ഉല്പന്നങ്ങളും നിർമ്മാണം-ഉല്പന്നങ്ങൾക്ക് ഗുണമേന്മ സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ ഉല്പന്നങ്ങളെ കുടക്കീഴിൽ കൊണ്ടുവന്ന് ബ്രാന്റിംഗ് നട ത്തുക. |

| | | |
|---|---|---|
| **10**<br>**<u>പൊതുമരാമത്ത്</u>**<br>കാർഷിക സേവന പശ്ചാത്തലമേഖലകളുടെ വികസനം, സമഗ്ര വികസനത്തിന് അടി സ്ഥാന സൗകര്യങ്ങൾ ഒരു ക്കൽ | **<u>ലക്ഷ്യം</u>**<br>കാനലുകൾ, കലുങ്കുകൾ, കെട്ടിടങ്ങൾ, കാനകൾ, കുടിവെള്ള പദ്ധതികൾ, റോഡുകൾ, നിർമ്മാണവും പുനരുദ്ധാരണവും | **<u>തന്ത്രം</u>**<br>കാർഷികമേഖല വികസനത്തിന് പഞ്ചായത്തുകളിൽ ഫാം റോഡുകൾ കലുങ്കുകൾ എന്നിവയുടെ നിർമ്മാണം, മെയിന്റനൻസ് ഫണ്ട് ഉപയോഗപ്പെടുത്തി വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ പുനരാദ്ധാരണം നടത്തി അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തണം റോഡുകളിലെ വെള്ളക്കെട്ടുകൾ ഴിവാക്കുന്നതിന് കാന നിർമ്മിക്കുക. തോടുകളും ചാലുകളും നിർമ്മിക്കുക. വൃത്തിയാക്കുക. കുളങ്ങൾ, കിണർ എന്നിവയുടെ നിർമ്മാണം. |
| **11**<br>**<u>വിദ്യാഭ്യാസം</u>**<br>**<u>കല-സംസ്കാരം</u>**<br>**<u>യുവജനക്ഷേമം</u>**<br>**<u>സാക്ഷരത</u>**<br>വിദ്യാഭ്യാസമേഖലയെ പരിപോഷിക്കുക. പിന്നോക്ക വിഭാഗക്കാരെ ഏഡ്യുക്കേഷൻ ഫെസിലിറ്റേഷൻ സെൻ്ററിലൂടെ പരിഹാര ബോധനം നടത്തി മുഖ്യധാരയിലെത്തിക്കുക. | **<u>ലക്ഷ്യം</u>**<br>അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളായി വികസന സാക്ഷര വിദ്യാകേന്ദ്രങ്ങളുടെ അടിസ്ഥാന വികസനം യുവജനങ്ങളുടെ കല-കായിക വികസനം. യുവജനങ്ങളെ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതിൽ നിന്നും തടയുന്നതിനു വേണ്ടി എക്സൈസ് വകുപ്പുമായി ചേർന്ന് ക്യാമ്പുകൾ സംഘടിപ്പിക്കുക. | **<u>തന്ത്രം</u>**<br>തുല്യത പരീക്ഷകൾക്ക് ധനസഹായം നൽകുക. സാക്ഷരത മിഷന്റെ പുസ്തകങ്ങൾക്ക് വില നൽകൽ. ഫീസ് നൽകൽ, പഠിതാക്കളെ ആദരിക്കൽ, കലാകാരന്മാരെ കണ്ടെത്തി ആദരിക്കൽ, യുവജനങ്ങൾക്കുവേണ്ടി എല്ലാ വർഷവും കേരളോത്സവം, ഗെയിംസ് ഫെസ്റ്റിവൽ നടത്തുക. |
| **12**<br>**<u>പൊതുഭരണം</u>**<br>പൊതുഭരണങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിലേക്കായിഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിന്റെ ഐ. എസ്. ഒ. സർട്ടിഫിക്കേഷൻ തുടർപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക. പ്ലാസ്റ്റിക് ഖരമാലിന്യ വിമുക്ത ബ്ലോക്ക് പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുക | **<u>ലക്ഷ്യം</u>**<br>ഇ-ഗവേണൻസ് സദ്ഭരണം എന്നിവ ഉറപ്പുവരുത്തുക. പ്ലാസ്റ്റിക് വസ്തുക്കളുടെ ശാസ്ത്രീയ സംസ്ക്കരണം | **തന്ത്രം**<br>വിവരവകാശ നിയമം, സേവനാവകാശ നിയമം എന്നിവയിൽ ആധാരമാക്കി ബോർഡുകൾ സ്ഥാപിക്കും. ഫയലുകൾ സൂക്ഷിക്കുന്നതിന് റെക്കോർഡ്സ് റൂം, പരാതി പരിഹാര സെല്ല് രൂപീകരിക്കുക. ഫയലുകളുടെ തീർപ്പുകൽപ്പിക്കൽ. |

## അദ്ധ്യായം 5

# പ്രതീക്ഷിത വിഭവസ്രോതസ്സുകളും വിലയിരുത്തലുകളും (2025-2026)

**വാർഷിക പദ്ധതി പഞ്ചവത്സര പദ്ധതി**

എ) വിഭവസ്രോതസ്സുകൾ

| വിഭവസ്രോതസ്സുകൾ | | വകയിരുത്തുന്ന തുക |
|---|---|---|
| വികസനഫണ്ട് | ജനറൽ | **2,66,08,690** |
| | എസ്.സി.പി | **1,37,60,000** |
| | ടി. എസ്. പി | **0** |
| മെയിന്റനൻസ് ഫണ്ട് | റോഡ് ഇതരം | **1,33,95,000** |
| | റോഡ് | **0** |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് | അടിസ്ഥാന ഗ്രാന്റ് | **37,86,000** |
| | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | **56,79,000** |
| തനത് ഫണ്ട് | | **29,96,630** |
| സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം | | **0** |
| കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം | | **54,24,000** |
| വായ്പ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് | | **0** |
| വായ്പ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് | | **0** |
| ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അടയ്ക്കുന്നവർ | | **0** |
| ഗുണഭോക്തൃ വിഹിതം ഗുണഭോക്താവ് നേരിട്ട് വഹിക്കുന്നത് | | **39,05,000** |
| സന്നദ്ധ സേവനം | | **0** |
| സംഭാവന | | **0** |
| തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം | | **98,64,000** |
| മറ്റുള്ളവ, പുനരുദ്ധാരണം | | **0** |
| ആകെ | | **8,54,18,320** |

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

## 2025-2026 വാർഷിക പദ്ധതി നിർദ്ദേശങ്ങൾ

ബി) വിഷയാടിസ്ഥാനത്തിലുള്ള വകയിരുത്തലുകൾ

| ക്രമ. നം | മേഖല | ജനറൽ | ധനകാര്യ കമ്മീഷൻ | എസ്.സി.പി | ടി.എസ്.പി | ആകെ |
|---|---|---|---|---|---|---|
| 1 | കൃഷി | 26,00,000 | | | | 26,00,000 |
| 2 | മൃഗസംരക്ഷണം | 10,50,000 | 0 | 0 | 0 | 10,50,000 |
| 3 | ക്ഷീര വികസനം | 15,50,000 | 0 | 0 | 0 | 15,50,000 |
| 4 | വ്യവസായം | 0 | 0 | 0 | 0 | |
| 5 | മണ്ണ് ജലസംരക്ഷണം | 0 | 0 | 0 | 0 | |
| 6 | പരിസ്ഥിതി സംരക്ഷണം | 0 | 0 | 0 | 0 | |
| 7 | വിദ്യാഭ്യാസം | 0 | 0 | 20,00,000 | | 20,00,000 |
| 8 | കലാ സംസ്ക്കാരം യുവജനക്ഷേമം | 3,77,500 | 0 | 5,70,000 | | 9,47,500 |
| 9 | ആരോഗ്യം | 27,99,100 | 0 | 0 | 0 | 27,99,100 |
| 10 | കുടിവെള്ളം | 0 | 28,39,500 | 10,00,000 | 0 | 38,39,500 |
| 11 | ശുചിത്വം | 0 | 28,39,500 | 0 | 0 | 28,39,500 |
| 12 | പാർപ്പിടം | 63,24,000 | 0 | 48,50,000 | 0 | 1,11,74,000 |
| 13 | സാമൂഹ്യ ക്ഷേമം | 42,84,090 | 0 | 0 | 0 | 42,84,090 |
| 14 | ഊർജ്ജം | 0 | 0 | 0 | 0 | |
| 15 | പൊതുമരാമത്ത് | 66,39,000 | 63,29,500 | 45,90,000 | | 1,75,58,500 |
| 16 | പൊതുഭരണം + മറ്റുള്ളവ | 0 | 0 | 0 | 0 | |
| | ആകെ | **2,56,23,690** | **1,20,08,500** | **1,30,10,000** | **0** | **5,06,42,190** |

# അദ്ധ്യായം 5

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

## 2025-2026 വാർഷിക പദ്ധതി നിർദ്ദേശങ്ങൾ

| ക്രമ നം: | പ്രോജക്റ്റിന്റെ പേര് | വികസന ഫണ്ട് സാധാരണ വിഹിതം | മേഖല |
|---|---|---|---|
| **ഉല്പാദന മേഖല - ജനറൽ** | | | |
| 1 | പച്ചക്കറി കൃഷിയ്ക്ക് കൂലിച്ചെലവ് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 300000 | |
| 2 | കാലിത്തീറ്റ സബ്സിഡി | 1500000 | |
| 3 | നെൽകൃഷിയ്ക്ക് ധനസഹായം | 1500000 | |
| 4 | നെൽവിത്ത് ഉല്പാദനത്തിന് സബ്സിഡി | 500000 | |
| 5 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 500000 | |
| 6 | കാർഷിക വിജ്ഞാന വ്യാപന കേന്ദ്രം | 50000 | |
| 7 | ചേറ്റുപുഴ കോൾപടവിൽ ജലസേചനത്തിന് ഫീഡർ സ്ഥാപിക്കൽ | 1000000 | |
| 8 | മാവോടി ഫാം റോഡ് | 600000 | |
| 9 | പെരിങ്ങോട്ടുകര പാടം ട്രാക്ടർ ക്രോസിംഗ് പാലം | 800000 | |
| 10 | കാർഷിക വിജ്ഞാന വ്യാപന കേന്ദ്രം | 100000 | |
| 11 | അത്തിച്ചാൽ പടവ് മോട്ടോർ ഷെഡ് നിർമ്മാണവും സ്ലൂയിസ് നിർമ്മാണവും | 500000 | |
| | ആകെ | **7350000** | |
| **ഉല്പാദന മേഖല - പട്ടികജാതി വിഭാഗം** | | **0** | |

# 2025-2026 വാർഷിക പദ്ധതി നിർദ്ദേശങ്ങൾ

## സേവന മേഖല

| ക്രമ നം: | പ്രോജക്റ്റിന്റെ പേര് | വികസന ഫണ്ട് | |
|---|---|---|---|
| | | ജനറൽ | പട്ടികജാതി |
| 1 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 2000000 | |
| 2 | ലൈഫ് ഭവന പദ്ധതി (പട്ടികജാതി) | 0 | 3500000 |
| 3 | പി.എം.എ.വൈ (ജനറൽ) | 4000000 | |
| 4 | പി.എം.എ.വൈ (പട്ടികജാതി) | 0 | 1500000 |
| 5 | അതിദരിദ്രർക്ക് ഭവന നിർമ്മാണത്തിന് ലൈഫ് പദ്ധതിയിൽ ധനസഹായം ബ്ലോക്ക് വിഹിതം നൽകൽ (ജനറൽ) | 1000000 | |
| 6 | അതിദരിദ്രർക്ക് ഭവന നിർമ്മാണത്തിന് ലൈഫ് പദ്ധതിയിൽ ധനസഹായം ബ്ലോക്ക് വിഹിതം നൽകൽ (പട്ടികജാതി) | 0 | 400000 |
| 7 | പദ്ധതി രൂപീകരണം - മോണിറ്ററിംഗ് | 75000 | |
| 8 | സെക്കണ്ടറി പാലിയേറ്റീവ് കെയർ | 1000000 | |
| 9 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 2557500 | |
| 10 | വജ്ര ജൂബിലി ഫെല്ലോഷിപ്പ് | 272000 | |
| 11 | പട്ടികജാതി പഠനമുറി | 0 | 2000000 |
| 12 | പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 0 | 350000 |
| 13 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പൂർത്തീകരണം | | 800000 |
| 14 | സായാഹ്നം- അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് വയോജന കലാമേള | 350000 | |
| 15 | ഹബ് & സ്പോക്ക് | 374000 | |
| 16 | ആലപ്പാട് ഫാമിലി ഹെൽത്ത് സെന്റർ ഫാർമസിസ്റ്റിന് ഹോണറേറിയം | 168000 | |
| 17 | ആലപ്പാട് ഫാമിലി ഹെൽത്ത് സെന്റ് ലാബ് ടെക്നീഷ്യന് ഹോണറേറിയം | 275400 | |

# 2025-2026 വാർഷിക പദ്ധതി നിർദ്ദേശങ്ങൾ

## സേവന മേഖല

| ക്രമ നം: | പ്രോജക്റ്റിന്റെ പേര് | വികസന ഫണ്ട് | |
|---|---|---|---|
| | | ജനറൽ | പട്ടികജാതി |
| 18 | ആലപ്പാട് കുടുംബാരോഗ്യ കേന്ദ്രത്തിലെ താല്ക്കാലിക ഡോക്ടറുടെ വേതനം | 692000 | |
| 19 | ആലപ്പാട് കുടുംബാരോഗ്യ കേന്ദ്രത്തിലെ താല്ക്കാലിക നേഴ്സിന്റെ വേതനം | 356400 | |
| 20 | ആലപ്പാട് കുടുംബാരോഗ്യ കേന്ദ്രത്തിലെ രാത്രി കാല സേവനത്തിനായുള്ള താല്ക്കാലിക ഡോക്ടറുടെ വേതനം | 692000 | |
| 21 | വിവിധ പട്ടികജാതി സങ്കേതങ്ങളിൽവാട്ടർ എ ടി എം സ്ഥാപിക്കൽ | | 2000000 |
| 22 | ബ്ലോക്ക് പഞ്ചായത്തിൽ വയോജന പാർക്ക് , ഓപ്പൺ ലൈബ്രറി എന്നിവ സ്ഥാപിക്കൽ | 360000 | |
| 23 | പട്ടികജാതി സങ്കേതങ്ങളിൽ ഓപ്പൺ ജിം സ്ഥാപിക്കൽ | | 600000 |
| 24 | ഐ. കെ. എം. ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 50000 | |
| 25 | ഐ. എസ്. ഒ തുടർ പ്രവർത്തനങ്ങൾ | 50000 | |
| 26 | എസ് സി യുവജന വാദ്യകലാസംഘം | | 1000000 |
| | ആകെ | **14272300** | **12150000** |

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

# 2025-2026 വാർഷിക പദ്ധതി നിർദ്ദേശങ്ങൾ

## ബേസിക് ഗ്രാന്റ്

| ക്രമ നം: | പ്രോജക്റ്റിന്റെ പേര് | |
|---|---|---|
| 1 | നെൽകൃഷിക്ക് ധനസഹായം | 500000 |
| 2 | അങ്കണവാടി പോഷകാഹാരം | 500000 |
| 3 | വൈകത്ത്മന റോഡ് മണലൂർ ഗ്രാമപഞ്ചായത്തിന് ബ്ലോക്ക് വിഹിതം നൽകൽ | 300000 |
| 4 | ഒലിവ്സ്ട്രീറ്റ് റോഡ് മണലൂർ ഗ്രാമപഞ്ചായത്തിന് ബ്ലോക്ക് വിഹിതം നൽകൽ | 300000 |
| 5 | വെണ്ണീറായി ചിറ്റെകുളം വിസ്താരമ റോഡ് കാന നിർമ്മാണം | 400000 |
| 6 | ഫ്രണ്ട്സ് റോഡ് അരിമ്പൂർ | 500000 |
| | മദർ തെരേസ റോഡ് മണലൂർ | 500000 |
| | പുല്ലേക്കാട്റോഡ് കാന നിർമ്മാണം ചാഴൂർ | 700000 |
| | വപ്പുഴ പുത്തൻപീടിക റോഡ് | 400000 |
| | കുഞ്ഞാണ്ടാൻസ്റോഡ് വാർഡ് 5 മണലൂർ ഗ്രാമപഞ്ചായത്ത് | 800000 |
| | ആകെ | **4900000** |

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

# 2025-2026 വാർഷിക പദ്ധതി നിർദ്ദേശങ്ങൾ

## ടൈഡ് ഗ്രാന്റ്

| ക്രമ നം: | പ്രോജക്റ്റിന്റെ പേര് | |
|---|---|---|
| 1 | ബോട്ടിൽ ബൂത്ത് | 100000 |
| 2 | ഡയപ്പർ ഡിസ്ട്രോയർ | 3000000 |
| 3 | അരിമ്പൂർ ഗ്രാമപഞ്ചായത്ത് വാർഡ് 11ലക്ഷം വീട് സങ്കേതം കുടിവെള്ള പദ്ധതി പൂർത്തീകരണം | 400000 |
| 4 | പൂവശ്ശേരി കുളം നവീകരണം മണലൂർ ഗ്രാമപഞ്ചായത്ത് | 1000000 |
| 5 | വെണ്ടറക്കുളം ജലസേചന പദ്ധതി താന്ന്യം ഗ്രാമപഞ്ചായത്ത് | 1500000 |
| 6 | ജലരക്ഷ ജീവരക്ഷ കുടിവെള്ള പദ്ധതി ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക്പഞ്ചായത്ത് വിഹിതം നൽകൽ | 1500000 |
| | ആകെ | **7500000** |

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

# 2025-2026 വാർഷിക പദ്ധതി നിർദ്ദേശങ്ങൾ

## പശ്ചാത്തല മേഖല (ജനറൽ)

| ക്രമ നം: | പ്രോജക്റ്റിന്റെ പേര് | വികസന ഫണ്ട് | |
|---|---|---|---|
| | | ജനറൽ | പട്ടികജാതി |
| 1 | മഞ്ഞപ്പിത്തം വള്ളൂർ കടവ് റോഡ് വാർഡ് 6 അന്തിക്കാട് ഗ്രാമപഞ്ചായത്ത് | 500000 | |
| 2 | പേര മാർക്കറ്റ് കാളി ചാത്തൻ റോഡ് 9 അന്തിക്കാട് | 800000 | |
| 4 | സുബ്രമണ്യ സ്വാമി ക്ഷേത്രം റോഡ് നിർമ്മാണം ചാഴൂർ | 400000 | |
| 5 | ദേവ മതിലെട്ടുകുളം റോഡ് താന്ന്യം | 380000 | |
| 6 | അംബേദ്കർ റോഡ് താന്ന്യം | 350000 | |
| 7 | ചിറ്റിലായി കോളനി റോഡ് താന്ന്യം ഗ്രാമപഞ്ചായത്ത് | 400000 | |
| 10 | തൃപുര സുന്ദരി റോഡ് അന്തിക്കാട് ഗ്രാമപഞ്ചായ ത്തിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ | 500000 | |
| 11 | സി എം നിസ്സാർ റോഡ് അന്തിക്കാട് ഗ്രാമപഞ്ചായ ത്തിനു ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ | 600000 | |
| | | **3930000** | |

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

# 2025-2026 വാർഷിക പദ്ധതി നിർദ്ദേശങ്ങൾ

## പശ്ചാത്തല മേഖല (പട്ടികജാതി)

| ക്രമ നം: | പ്രോജക്റ്റിന്റെ പേര് | വികസന ഫണ്ട് | |
|---|---|---|---|
| | | ജനറൽ | പട്ടികജാതി |
| 1 | തൃക്കാപ്പള്ളം റോഡ് ഇന്റർ ലോക്ക് ചാഴൂർ ഗ്രാമപഞ്ചായത്ത് | | 1000000 |
| 2 | ഇ എം എസ് കല്ലേലുമനറോഡ് വാർഡ് 4 മണലൂർ ഗ്രാമപഞ്ചായത്ത് | | 600000 |
| 3 | കക്കയം ലിങ്ക് റോഡ് എസ് എൻ നഗർ റോഡ് | | 500000 |
| 4 | വെളുത്തൂർ എസ് സി സങ്കേതത്തിൽ ഹാപ്പിനെസ്സ് പാർക്ക് സ്ഥാപിക്കൽ | | 500000 |
| 5 | സെറ്റിൽമെന്റ് സങ്കേതം സൈഡ് വാൾ നിർമ്മാണം മണലൂർ ഗ്രാമപഞ്ചായത്ത് | | 400000 |
| 6 | ചാലിശ്ശേരി എസ്. സി. നഗർ റോഡ് കോൺക്രീറ്റ് | | 400000 |
| | ആകെ | | **3750000** |

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

# 2025-2026 വാർഷിക പദ്ധതി നിർദ്ദേശങ്ങൾ

## മെയിന്റനൻസ് ഗ്രാന്റ്

| ക്രമ നം: | പ്രോജക്റ്റിന്റെ പേര് | |
|---|---|---|
| 1 | ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ | 1500000 |
| 2 | അസി. എക്സി. എഞ്ചിനീയറുടെ ഓഫീസിലെ ദൈനംദിന ചെലവുകൾ | 250000 |
| 3 | ശിശു വികസന പദ്ധതി ഓഫീസിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | 125000 |
| 4 | ഡയറി എക്സ്റ്റൻഷൻ ഓഫീസിലെ ദൈനംദിന ചെലവുകൾ | 25000 |
| 5 | വെറ്ററിനറി ആശുപത്രിയിലെ ദൈനംദിന ചെലവുകൾ | 60000 |
| 6 | എ.ഡിഎ. ഓഫീസ് ചെലവുകൾ | 125000 |
| 7 | എസ്.സി.ഡി.ഒ യുടെ ഓഫീസിലെ ദൈനംദിന ചെലവുകൾ | 50000 |
| 8 | ആലപ്പാട് കുടുംബാരോഗ്യ കേന്ദ്രത്തിലെ ദൈനംദിന ചെലവുകൾ | 500000 |
| 9 | അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിട നവീകരണ പ്രവൃത്തികൾ | 2000000 |
| 10 | ബഡ്സ് സ്കൂളിൽ സോളാർ പാനൽ സ്ഥാപിക്കൽ | 1200000 |
| 11 | ആലപ്പാട് കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് മരുന്ന് വാങ്ങൽ | 1800000 |
| 12 | അന്തിക്കാട് വെറ്ററിനറി പോളി ക്ലിനിക്കിലെ മരുന്നു വാങ്ങലും അനുബന്ധ പ്രവർത്തനങ്ങളും | 200000 |
| 13 | ഘടക സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം | 1000000 |
| 14 | ആലപ്പാട് സി.എച്ച്.സി. നവീകരണം | 500000 |
| 15 | ആലപ്പാട് സി.എച്ച്.സി. ദന്തൽ ഡന്റൽ  സജ്ജമാക്കൽ | 500000 |
| 16 | ഘടക സ്ഥാപനങ്ങളിലേക്ക് സാങ്കേതിക വിദ്യ ഉപകരണങ്ങൾ വാങ്ങൽ | 600000 |
| 17 | വെറ്ററിനറി പോളിക്ലിനിക്കിലേക്ക് മൈക്രോസ്കോപ്പ് വാങ്ങൽ | 250000 |
| 18 | ബഡ്സ് സ്കൂൾ ദൈനംദിന ചെലവുകൾ | 50000 |
| 19 | വെറ്ററിനറി പോളി ക്ലിനിക്കിലെ അറ്റകുറ്റപണികളും ട്രസ്സ് നിർമ്മാണവും | 1300000 |
| | ആകെ | **12035000** |

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

# 2025-2026 വാർഷിക പദ്ധതി നിർദ്ദേശങ്ങൾ

## വനിതാഘടക പദ്ധതികൾ - ജനറൽ

| ക്രമ നം: | പ്രോജക്റ്റിന്റെ പേര് | വികസന ഫണ്ട് | |
|---|---|---|---|
| | | ജനറൽ | പട്ടികജാതി |
| 1 | വനിത ഫിറ്റ്നെസ് സെന്റർ വിപുലീകരണം ഉപകരണങ്ങൾ വാങ്ങൽ | 445740 | |
| 2 | വനിത തൊഴിൽ പരിശീലന കേന്ദ്രം | 500000 | |
| 3 | എച്ച് ബി12 വിളർച്ച രഹിത ബ്ലോക്ക് പഞ്ചായത്ത് | 300000 | |
| 4 | വനിതാ ഗ്രൂപ്പിന് സ്വയം തൊഴിൽ ധനസഹായം | 350000 | |
| 5 | വനിത കർഷകർക്ക് പൂകൃഷി ധനസഹായം | 180000 | |
| 6 | പട്ടികജാതി വനിതാ ഗ്രൂപ്പിന് സ്വയം തൊഴിൽ ധനസഹായം | | 350000 |
| 7 | വനിതാ വിപണനമേള വനിതാ ഗ്രൂപ്പുകളുടെ വിപണന മേള സംഘടിപ്പിക്കൽ | 300000 | |
| 8 | വനിതാ യുവജന വാദ്യകലാസംഘം | | 1000000 |
| | ആകെ | **2075740** | **1350000** |

# അദ്ധ്യായം-6

**അനുബന്ധം 9(3)**

## പതിനാലാം പഞ്ചവത്സര പദ്ധതി

(അനുബന്ധം 9(1)ൽ (9) കാണുക)

## 2025-2026 അന്തിമ വാർഷിക പദ്ധതി

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്: **അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്**

| ക്രമ നമ്പർ | പ്രോ. നമ്പർ | പ്രോജക്ടിന്റെ പേര് | | | വികസന ഫണ്ട് | | | കേന്ദ്രാവിഷ്കൃതം | സംസ്ഥാനവിഷ്കൃത ഫണ്ട് | തനത് ഫണ്ട് | മറ്റ് ഗ്രാമ പഞ്ചായത്ത് | മറ്റ് ജില്ലാ പഞ്ചായത്ത് | മെയിൻറ്നൻസ് | | മറ്റുള്ളവ | മൊത്തം അടങ്കൽ തുക |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | പൊതു വിഭാഗം സാധാരണ വിഹിതം | എ സ്. സി. പി | ധനകാര്യ കമ്മീഷൻ അവാർഡ് | | | | | | റോഡിതരം | റോഡ് | | |
| 1 | 9 | കാർഷിക വിജ്ഞാന വ്യാപന കേന്ദ്രം | | | 150000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 | 200000 |
| 2 | 10 | നെൽ കൃഷിക്ക് ധനസഹായം | | | 1500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1500000 |
| 3 | 11 | നെൽ വിത്ത് ഉത്പാദനത്തിന് സബ്സീഡി | | | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 4 | 12 | പച്ചക്കറി കൃഷി ചെയ്യുന്ന സംഘങ്ങൾക്ക് കൂലി ചിലവ് സബ്സീഡി | | | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 5 | 13 | വനിത കർഷക ഗ്രൂപ്പിന് പൂ കൃഷി | | | 150000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 | 200000 |
| 6 | 31 | അന്തിക്കാട് വെറ്ററിനറി പോളിക്ളിനിക്കിലേക്ക് മരുന്നു വാങ്ങലും അനുബന്ധപ്രവർത്തനങ്ങളും | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 0 | 500000 |

| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 7 | 32 | വെറ്ററിനറി പോളിക്ലിനിക്കിലെ ദൈനംദിന ചിലവുകൾ | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 120000 | 0 | 0 | 120000 |
| 8 | 52 | ചേറ്റുപുഴ കോൾ പടവിൽ ജലസേചനത്തിന് ഫീഡർ സ്ഥാപിക്കൽ | | | 900000 | 0 | 0 | 0 | 0 | 10000 | 0 | 0 | 0 | 0 | 0 | 910000 |
| 9 | 60 | അത്തിച്ചാൽ പടവ്മോട്ടോർ ഷെഡ് നിർമ്മാണവും സ്ലൂയിസ് നിർമ്മാണവും ചാഴൂർ | | | 490000 | 0 | 0 | 0 | 0 | 10000 | 0 | 0 | 0 | 0 | 0 | 500000 |
| 10 | 80 | വനിത ഗ്രൂപ്പിന് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള ധനസഹായം ജനറൽ | | | 1125000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 375000 | 1500000 |
| 11 | 87 | കറവപ്പശുക്കൾക്ക് കാലിതീറ്റ സബ്സിഡി | | | 1050000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1050000 | 2100000 |
| 12 | 88 | ജയന്തി പടവ് മോട്ടോർ ഷെഡ് നിർമ്മാണം ചാഴൂർ ഗ്രാമപഞ്ചായത്ത് | | | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 13 | 89 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | | | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| | | | | | **6865000** | **0** | **0** | **0** | **0** | **20000** | **0** | **0** | **620000** | **0** | **1525000** | **9030000** |

**അനുബന്ധം 9(3)**

# പതിനാലാം പഞ്ചവത്സര പദ്ധതി

(അനുബന്ധം 9(1)ൽ (9) കാണുക)

## **2025-2026 അന്തിമ വാർഷിക പദ്ധതി**

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്: **അന്തിക്കാട് ബ്ലോക്ക്പഞ്ചായത്ത്**

| ക്രമ നമ്പർ | പ്രോ. നമ്പർ | പ്രോജക്ടിന്റെ പേര് | | | വികസന ഫണ്ട് | | | കേന്ദ്രാവിഷ്കൃതം | സംസ്ഥാനവിഷ്കൃത ഫണ്ട് | തനത് ഫണ്ട് | മറ്റ് ഗ്രാമ പഞ്ചായത്ത് | മറ്റ് ജില്ലാ പഞ്ചായത്ത് | മെയിന്റനൻസ് | | മറ്റുള്ളവ | മൊത്തം അടങ്കൽ തുക |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | പൊതു വിഭാഗം സാധാരണ വിഹിതം | എസ്.സി.പി | ധനകാര്യ കമ്മീഷൻ അവാർഡ് | | | | | | റോഡിതരം | റോഡ് | | |
| | | **പൊതു വിഭാഗം** | | | | | | | | | | | | | | |
| | | **സേവനം** | | | | | | | | | | | | | | |
| 14 | 1 | സാം സ്കാരികം - കേരളോത്സവം ബ്ലോക്ക് തലം | | | 0 | 0 | 0 | 0 | 0 | 150000 | 0 | 0 | 0 | 0 | 100000 | 250000 |
| 15 | 2 | പ്രൊജക്ട് അസിസ്റ്റന്റിനു വേതനം | | | 0 | 0 | 0 | 0 | 0 | 267480 | 0 | 0 | 0 | 0 | 0 | 267480 |
| 16 | 3 | വജ്രജൂബിലി ഫെല്ലോഷിപ്പ് | | | 202500 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 202500 |
| 17 | 4 | ഐഎസ്ഒ തുടർപ്രവർത്തനങ്ങൾ | | | 60000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 60000 |
| 18 | 5 | ഐ കെ എം നു ബ്ലോക്ക് വിഹിതം നൽകൽ | | | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 19 | 6 | പി എം എ വൈ ജനറൽ ബ്ലോക്ക് വിഹിതം | | | 3024000 | 0 | 0 | 3024000 | 0 | 0 | 1960000 | 2744000 | 0 | 0 | 0 | 10752000 |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 20 | 8 | എഡിഎ ഓഫീസിലെ ദൈനംദിന ചിലവുകൾ | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 125000 | 0 | 0 | 125000 |
| 21 | 14 | ആലപ്പാട് ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്ര ത്തിലെ ഫാർമസിസ്റ്റിന്റെ ഓണറേറിയം | | | 122100 | 0 | 0 | 0 | 0 | 45900 | 0 | 0 | 0 | 0 | 0 | 168000 |
| 22 | 15 | ആലപ്പാട് ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്ര ത്തിലെ ലാബ് ടെക്നീഷ്യന്റെ ഓണറേറിയം | | | 229500 | 0 | 0 | 0 | 0 | 45900 | 0 | 0 | 0 | 0 | 0 | 275400 |
| 23 | 16 | ആലപ്പാട് ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്ര ത്തിലെ മെഡിക്കൽ ഓഫീസറുടെ ഓണറേറിയം | | | 575250 | 0 | 0 | 0 | 0 | 115050 | 0 | 0 | 0 | 0 | 0 | 690300 |
| 24 | 17 | ആലപ്പാട് ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്ര ത്തിലെ രാത്രിക്കാല സേവനത്തിനായുള്ള മെഡിക്കൽ ഓഫീസറുടെ ഓണറേറിയം | | | 575250 | 0 | 0 | 0 | 0 | 115050 | 0 | 0 | 0 | 0 | 0 | 690300 |
| 25 | 18 | സെക്കൻഡറി പാലിയേറ്റീവ് കെയർ | | | 1000000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 |
| 26 | 19 | ആലപ്പാട് ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്ര ത്തിലെ ദൈനം ദിന ചെലവുകൾ | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 0 | 500000 |
| 27 | 21 | പദ്ധതി രൂപീകരണം - മോണിറ്ററിംഗ് | | | 0 | 0 | 0 | 0 | 0 | 75000 | 0 | 0 | 0 | 0 | 0 | 75000 |

**അനുബന്ധം 9(3)**

# പതിനാലാം പഞ്ചവത്സര പദ്ധതി

(അനുബന്ധം 9(1)ൽ (9) കാണുക)

## 2025-2026 അന്തിമ വാർഷിക പദ്ധതി

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്: **അന്തിക്കാട് ബ്ലോക്ക്പഞ്ചായത്ത്**

| ക്രമ നമ്പർ | പ്രോ. നമ്പർ | പ്രോജക്ടിന്റെ പേര് | | | വികസന ഫണ്ട് | | | കേന്ദ്രാവിഷ്കൃതം | സംസ്ഥാനവിഷ്കൃത ഫണ്ട് | തനത് ഫണ്ട് | മറ്റ് ഗ്രാമ പഞ്ചായത്ത് | മറ്റ് ജില്ലാ പഞ്ചായത്ത് | മെയിന്റനൻസ് | | മറ്റുള്ളവ | മൊത്തം അടങ്കൽ തുക |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | പൊതു വിഭാഗം സാധാരണ വിഹിതം | എസ്.സി.പി | ധനകാര്യ കമ്മീഷൻ അവാർഡ് | | | | | | റോഡിതരം | റോഡ് | | |
| 29 | 22 | കാൻ തൃശ്ശൂർ - ജില്ല പഞ്ചായത്തിനു വിഹിതം നൽകൽ | | | 0 | 0 | 0 | 0 | 0 | 300000 | 0 | 0 | 0 | 0 | 0 | 300000 |
| 30 | 23 | സമേതം - സമഗ്ര വിദ്യാഭ്യാസ പദ്ധതി ബ്ലോക്ക് വിഹിതം നൽകൽ | | | 0 | 0 | 0 | 0 | 0 | 200000 | 0 | 0 | 0 | 0 | 0 | 200000 |
| 31 | 24 | ലൈഫ് ഭവനപദ്ധതി - ജനറൽ | | | 2000000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2000000 |
| 32 | 26 | ജലരക്ഷ ജീവരക്ഷ - കുടിവെള്ള പദ്ധതി - പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകൽ | | | 0 | 0 | 800000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 800000 |
| 33 | 27 | ആയുർവേദ ആശുപത്രികളിലേക്ക് മരുന്ന് വാങ്ങൽ ബ്ലോക്ക് വിഹിതം നൽകൽ | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1500000 | 0 | 0 | 1500000 |

| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 34 | 38 | വെളുത്തൂർ സങ്കേതത്തിൽ ഹാപ്പിനെസ്സ് പാർക്ക് സ്ഥാപിക്കൽ അരിമ്പൂർ പഞ്ചായത്തിനു ബ്ലോക്ക് വിഹിതം നൽകൽ | | | 400000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 |
| 35 | 48 | മായ മതിലെട്ടുകുളം റോഡ് താന്ന്യം ഗ്രാമപഞ്ചായത്തിന് ബ്ലോക്ക് വിഹിതം നൽകൽ | | | 900000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 900000 |
| 36 | 49 | ആലപ്പാട് ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്ര ത്തിലേക്ക് മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1800000 | 0 | 0 | 1800000 |
| 37 | 50 | ആലപ്പാട് കുടുംബാരോഗ്യ കേന്ദ്രത്തിലെ താൽക്കാലിക നഴ്സിന്റെ ഓണറേറിയം | | | 297000 | 0 | 0 | 0 | 0 | 59400 | 0 | 0 | 0 | 0 | 0 | 356400 |
| 38 | 51 | ഡയപ്പർ ഡിസ്ട്രോയർ | | | 0 | 0 | 2839500 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2839500 |
| 39 | 71 | അരിമ്പൂർ ഗ്രാമപഞ്ചായത്ത് വാർഡ് 11 ലക്ഷം വീട് സങ്കേതം കുടിവെള്ള പദ്ധതി പൂർത്തീകരണം | | | 0 | 0 | 400000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 |
| 40 | 75 | അഞ്ചുപുര കുടിവെള്ള പദ്ധതി | | | 0 | 0 | 1639500 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1639500 |

# പതിനാലാം പഞ്ചവത്സര പദ്ധതി

**അനുബന്ധം 9(3)**

(അനുബന്ധം 9(1)ൽ (9) കാണുക)

## 2025-2026 അന്തിമ വാർഷിക പദ്ധതി

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്: **അന്തിക്കാട് ബ്ലോക്ക്പഞ്ചായത്ത്**

| ക്രമ നമ്പർ | പ്രോ. നമ്പർ | പ്രോജക്ടിന്റെ പേര് | | | വികസന ഫണ്ട് | | | കേന്ദ്രാവിഷ്കൃതം | സംസ്ഥാനവിഷ്കൃത ഫണ്ട് | തനത് ഫണ്ട് | മറ്റ് ഗ്രാമ പഞ്ചായത്ത് | മറ്റ് ജില്ലാ പഞ്ചായത്ത് | മെയിന്റനൻസ് | | മറ്റുള്ളവ | മൊത്തം അടങ്കൽ തുക |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | പൊതു വിഭാഗം സാധാരണ വിഹിതം | എസ്.സി.പി | ധനകാര്യ കമ്മീഷൻ അവാർഡ് | | | | | | റോഡിതരം | റോഡ് | | |
| 41 | 76 | അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ ഓഫീസിലെ ദൈനംദിന ചിലവ് | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 | 0 | 0 | 250000 |
| 42 | 84 | താന്ന്യം ഗ്രാമ പഞ്ചായത്ത് പൊതു ശ്മശാനത്തിലെക്ക് ഫർണസ് വാങ്ങൽ ബ്ലോക്ക് വിഹിതം നൽകൽ | | | 800000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 800000 |
| 43 | 85 | വെറ്ററിനറി സ്ഥാപനങ്ങളിലേക്ക് ഐ ടി ഉപകരണങ്ങൾ വാങ്ങൽ | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 | 0 | 0 | 150000 |
